QUOTES OF DAYS MAR 21





# ക്രിസ്ത്യൻ ലൈവ് DAILY

ON THE BATTLEFIELD FOR THE GREAT COMMISSION

21 MARCH 2024 | VOL 03 | ISSUE 080 | 779


# വിശപ്പ് സൂചിക പട്ടികയിൽ ഇന്ത്യ ബഹുദൂരം പിന്നിൽ




**ജനിവ** : ലോക വിശപ്പ് സൂചികയിൽ 125 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യക്ക് 111ാം സ്ഥാനം. അയൽരാജ്യങ്ങളായ ശ്രീലങ്കയും നേപ്പാളും മികച്ച പ്രകടനം കാഴ്ചവെച്ച് മുന്നേറുമ്പോഴാണ് 28.7 എന്ന മോശം നിരക്കിൽ നിന്ന് ഇന്ത്യ കിതയ്ക്കുന്നത്.

2015 ലെ 29.2 എന്ന സ്കോറിൽനിന്ന് 28.7 ആക്കി നില മെച്ചപ്പെടുത്തിയിട്ടും റാങ്കിങ്ങിൽ ഇന്ത്യ പുറകോട്ട് പോയത് മറ്റ് രാജ്യങ്ങൾ ഇക്കാലയളവ് കൊണ്ട് ഇന്ത്യയേക്കാൾ മികച്ച പ്രകടനം കാഴ്ചവച്ചതു കൊണ്ട് കൂടിയാണ്. സാമ്പത്തിക ശക്തിയിലും ജി.ഡി.പി. വളർച്ചയിലും ഇന്ത്യയേക്കാൾ പുറകിലുള്ള രാജ്യങ്ങളാണ് ഇവയെന്നതു കൂടി ഇതോട് ചേർത്ത് വായിക്കണം. ആഭ്യന്തര പ്രശ്ങ്ങളും സാമ്പത്തിക തകർച്ചയും അനുഭവിക്കുന്ന ശ്രീലയങ്കയേക്കാളും പാകിസ്താനേക്കാളും മോശം പ്രകടനം ഇന്ത്യ പുറത്തെടുത്ത ഈ അവസരത്തിലും സൂചികയെ പരിഹസിക്കുന്ന സമീപനമാണ് വനിത ശിശു വികസന വകുപ്പ മന്ത്രി സ്മൃതി ഇറാനിയുടെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്. ഈ കണക്ക് ഫോണിൽ വിളിച്ചെടുത്തത് മാത്രമാണെന്നും വസ്തുനിഷ്ഠമായ കണക്കുകൾ നിരത്തിയുള്ളതല്ലെന്നുമാണ് അവർ പറഞ്ഞത്. ഏഷ്യൻ രാജ്യങ്ങളിൽ അഫ്ഗാനിസ്താനും തിമോർ ലെഷെയും യെമനും മാത്രമാണ് ഇന്ത്യയേക്കാൾ മോശം പ്രകടനം കാഴ്ചവെച്ചിരിക്കുന്നത്.

## തിരഞ്ഞെടുപ്പ് വെള്ളിയാഴ്ച: തീരുമാനം മാറ്റണം

പത്തനംതിട്ട: ലോക്സഭാ തിരഞ്ഞെടുപ്പ് സംസ്ഥാനത്ത് ഏപ്രിൽ 26 വെള്ളിയാഴ്ച നടത്താനുള്ള തീരുമാനം മാറ്റണമെന്നും മറ്റൊരു ദിവസത്തേക്ക് ആക്കണമെന്നും റാവുത്തർ ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് സലിം പെരുനാട്, സെക്രട്ടറി നൗഷാദ് കണ്ണങ്കര എന്നിവർ തിരഞ്ഞെടുപ്പ് കമ്മിഷന് അയച്ച ഫാക്സ് സന്ദേശത്തിൽ ആവശ്യപ്പെട്ടു. തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥർക്കും പോളിംഗ് ഏജന്റുമാർക്കും ഇത് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നും അവർ പറഞ്ഞു.

**CARTOON:**



ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
02
21 MARCH 2024
VOL 03 | ISSUE 080 | 779

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്,
ഒഖ്ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്

## വാഗ്ദത്ത വചനം

**മാർച്ച് 21**

യഹോവ തന്റെ ജനത്തിന് ശക്തി നൽകും; യഹോവ തന്റെ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കും'. (സങ്കീ 29 : 11 )

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

**FULL PAGE**
Front Page Rs.5000/-
Back Page Rs.4000/-
Inside Page Rs.3000/-

**HALF PAGE**
Front Page Rs.2500/-
Back Page Rs.2000/-
Inside Page Rs.1500/-

**QUARTER PAGE**
Front Page Rs.1250/-
Back Page Rs.1000/-
Inside Page Rs.750/-

**HALF OF QUARTER PAGE**
Front Page Rs.750/-
Back Page Rs.250/-
Inside Page Rs.500/-

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

എഡിറ്റോറിയൽ

# മക്കളെ ഇടിച്ചു നിരത്തുന്നവൻ... കുഞ്ഞുങ്ങളെ തവിടു പൊടിയാക്കുന്നവൻ...



സജി വർഗ്ഗീസ്
മണിയാർ

പഴയ പാട്ടാണോ നല്ലത് അതോ പുതിയ പാട്ടാണോ നല്ലത് എന്ന ചർച്ച കേരളാ ക്രൈസ്തവരിലെ ഒരു വിഭാഗത്തിന്റെ ഇടയിൽ തകൃതിയായി നടക്കുകയാണല്ലോ? പഴയതാണ് നല്ലത് എന്ന് പഴയ തലമുറയെ പിന്താങ്ങുന്ന ഒരു കൂട്ടർ പറയുമ്പോൾ അതല്ല പുതിയതാണ്, പുതു തലമുറയെ സഭയിൽ പിടിച്ച് നിർത്താനുതകുന്നതെന്ന് മറ്റൊരു കൂട്ടർ. ന്യൂജെൻ തലമുറ സുവിശേഷകതിൽ ഒരാൾ പഴയ ഒരു പാട്ടിനെപ്പറ്റി പരാമർശിക്കുകയും അത് മിര്യാം മുടി അഴിച്ചിട്ട് ആടിയതുപോലെ (അങ്ങനെ ഒരു നൃത്തത്തെപ്പറ്റി ബൈബിളിൽ എങ്ങും വായിക്കുന്നില്ല) ആടാൻ പറ്റിയ പാട്ടല്ലെന്നും; സഭയിൽ പാടുന്ന പാട്ടുകൾ നൃത്തത്തിന് ചുവടുവയ്ക്കാൻ സാധിക്കുന്ന വിധം ചിട്ടപ്പെടുത്തിയതാകണം എന്നുമാണ് വാദിക്കുന്നത്. ചർച്ചകൾ കൊഴുക്കട്ടെ.

പഴയ ക്രിസ്തീയ പാട്ടുകൾ ചിലതൊക്കെ സിനിമ, നാടക ഗാനങ്ങളുടെ ട്യൂൺ കടമെടുത്തോ അല്ലെങ്കിൽ അതിന്റെ ചുവടു പിടിച്ചോ ഒക്കെ എഴുതിയതാകാം. മറ്റ് ചിലത് ആംഗലേയ ഭാഷയിൽ നിന്ന് തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട് എന്നതും പകൽ പോലെ പരാമർത്ഥമാണ്. എന്നാൽ എല്ലാം അങ്ങനെയല്ല. സംഗീതവും സാഹിത്യവും ഒരുപോലെ സമ്മേളിച്ചിട്ടുള്ള ദൈവവചനാധിഷ്ഠിതമായ നിരവധി അനവധി അനശ്വര ഗാനങ്ങളുടെ ഒരു നിലവറ തന്നെയാണ് ക്രൈസ്തവ കൈരളി. അവയിൽ ഏറിയ പങ്കും അനുഭവ സമൃദ്ധമായതിനാലാണ് അനശ്വരമായതും. അപ്പോൾ തന്നെ നാമിന്ന് പാടുന്ന പാട്ടുകൾ എല്ലാം അനുഭവത്തിന്റെ മൂശയിൽ കരുപ്പിടിപ്പിച്ചവയല്ല താനും. അക്രൈസ്തവരായ കവികൾ രചിച്ചതും, അക്രൈസ്തവരാൽ ചിട്ടപ്പെടുത്തപ്പെട്ടതും അക്രൈസ്തവർ ആലപിച്ചതുമായ നിരവധി അനശ്വര ഗാനങ്ങൾ നാം പാടുന്ന ഗാനങ്ങളുടെ കൂട്ടത്തിലുണ്ട്.

എന്നാൽ പുതിയ തലമുറ പാട്ടുകളിൽ ഒട്ടുമിക്കവയുടെയും ജെനി മൃതികൾക്കിടയിലുള്ള കാല ദൈർഘ്യം വളരെ കുറവാണ്. കാരണം പുതുതലമുറ പാട്ടുകളിൽ ഏറിയ പങ്കും എഴുതാൻ വേണ്ടി എഴുതപ്പെട്ടവയാണ് എന്നതാണ് സത്യം. പുതിയ ഗാനങ്ങൾ പിറവിയെടുക്കട്ടെ. അവ അനശ്വരമാകട്ടെ. എന്നാൽ എഴുതപ്പെടുന്നവ ദൈവ വചന വിപരീതമാകാതിരിക്കട്ടെ.

കുറേക്കാലം മുമ്പ് മലയാളിയായ ഒരു ബാലൻ ഇങ്ങനെ പാടി, ''മക്കളെ ഇടിച്ചു നിരത്തുമവൻ കുഞ്ഞുങ്ങളെ തവിടു പൊടിയാക്കിടും'' ഭക്തൻ പാടിയത്, ''മലകളെ ഇടിച്ചു നിരത്തുമവൻ കുന്നുകളെ തവിടുപൊടിയാക്കിടും'' എന്നാണ്. വിദേശത്ത് ജനിച്ചു വളർന്ന ഈ ബാലന് മലയാള ഭാഷയിൽ വളരെ കുറച്ച് പദ സമ്പത്ത് മാത്രമാണുള്ളത്. അവനെ സംബന്ധിച്ചിടത്തോളം ഈ വരികൾ പാടുമ്പോൾ ദൈവം കുട്ടികളെ അച്ചടക്കം പഠിപ്പിക്കുന്ന ദൈവമാണ്. അവനെ നമുക്ക് കുറ്റം പറയാനാവില്ല. പിന്നെ എന്താണ് ചെയ്യാനാവുക? കുട്ടികൾക്ക് അറിയാവുന്ന ഭാഷയിൽ ദൈവ വചനത്തിനനുസൃതമായുള്ള പാട്ടുകൾ എഴുതി,അവരെ ക്രിസ്തുവിലേക്ക് ആകർഷിക്കാനും ദൈവ വചനത്തിൽ ഉറപ്പിക്കാനും നാം ശ്രമിക്കണം. പഴയ പാട്ടുകളുടെ അർഥം നന്നായി പുതിയ തലമുറയ്ക്ക് പറഞ്ഞു കൊടുക്കാനും ഉത്സാഹക്കണം. പഴയ പാട്ടുകൾ പുതിയ രാഗത്തിലും താളത്തിലും അർത്ഥവും ആശയവും നഷ്ടപ്പെടാതെ റീമേയ്ക്ക് ചെയ്യാൻ കഴിയും എങ്കിൽ അതും ഒരു പരിധിവരെ നല്ലതാണ്.

ആയിരക്കണക്കിന് വർഷങ്ങളുടെ പഴക്കമുള്ള ബൈബിൾ ആണ് നാം ഉപയോഗിക്കുന്നത്. അതിന്റെ അർത്ഥ തലങ്ങൾ തിരിച്ചറിയാൻ പുതിയ തലമുറയ്ക്ക് കഴിയുമെങ്കിൽ പഴയ പാട്ടുകളുടെ അർത്ഥവും മനസിലാക്കാവുന്നതേയുള്ളൂ. പഴയതിലെയും പുതിയതിലേയും നന്മയുടെ വശം നഷ്ടപ്പെടുത്താതെ നമുക്ക് മുറുകെ പിടിക്കാം.

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

## റിപ്പബ്ലിക് ഓഫ് മോൾഡോവ

| | | |
|---|---|---|
| തലസ്ഥാനം | : | ചിസിനോ |
| ഭാഷ | : | റൊമേനിയൻ |
| ജനസംഖ്യ | : | 3,329,865 |
| പ്രസിഡണ്ട് | : | മായ സന്ദു |
| മതം | : | ക്രിസ്ത്യൻ |

നിർജീവമായ ആരാധനരീതികളും പാരമ്പര്യങ്ങളും മതത്തിന്റെ തത്വശാസ്ത്രങ്ങളും. ജനത്തിന് യേശുവിനോട് ഹൃദയംഗമായ സ്നേഹം ഉണ്ടാകാനായി പ്രാർത്ഥിക്കുക.

ഉപേക്ഷിക്കപ്പെട്ടവരോ ദാരിദ്ര്യത്തിൽ അകപ്പെട്ടവരോ ആയ കുട്ടികൾ . അവരുടെ ശുഭ ഭാവിക്കായും ക്രിസ്തുവിൽ പ്രത്യാശ കണ്ടെത്താനായും പ്രാർത്ഥിക്കുക.

ധാരാളം സുവിശേഷകർ എഴുന്നേൽക്കണം. അവർ വചനം പഠിക്കണം; പരിശീലിക്കണം. നല്ല സാക്ഷികളായി നൂറുകണക്കിന് ഗ്രാമങ്ങളിലേക്ക് പോകണം പ്രാർത്ഥിക്കുക.

## മൂല്യനിർണയം മാറ്റി വെച്ച നടപടി സ്വാഗതം ചെയ്യുന്നു: യു. പി. എസ്.

തിരുവല്ല: ഹയർ സെക്കണ്ടറി പരീക്ഷാ മൂല്യനിർണയം ഏപ്രിൽ ഒന്നിൽ നിന്നും മൂന്നിലേക്ക് മാറ്റി വെച്ച നടപടി സ്വാഗതം ചെയ്യുന്നതായി യുണൈറ്റഡ് പെന്തകോസ്ത് സിനഡ് സംസ്ഥാന ഭാരവാഹികളായ ഗ്ലാഡ്സൺ ജേക്കബും ബാബുപറയത്തുകാട്ടിലും അറിയിച്ചു. ഏപ്രിൽ ഒന്നിന് മൂല്യ നിർണയം നടത്തിയാൽ പെസഹാ വ്യാഴാഴ്ചയും ദുഃഖവെള്ളിയാഴ്ചയും ഈസ്റ്റർ ദിനത്തിലും ബന്ധപ്പെട്ട അദ്ധ്യാപകർക്ക് ക്യാമ്പ് നടക്കുന്ന സ്കൂളിൽ ഹാജരാകണമായിരുന്നു. ഇത് സംബന്ധിച്ച് ക്രൈസ്തവ സമൂഹത്തിന്റെ ആശങ്ക യു പി എസ് മുഖ്യമന്ത്രിയെയും വിദ്യാഭ്യാസ മന്ത്രിയെയും അറിയിച്ചിരുന്നു.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
03
21 MARCH 2024
VOL 03 | ISSUE 080 | 779

# ചിന്തിച്ച് വേണം ക്രൈസ്തവർ വോട്ടവകാശം വിനിയോഗിക്കേണ്ടത്



ഫാ. ഡോ. മാതുസ് വാഴക്കുന്നം

ക്രൈസ്തവർ പൊതുവേ മതേതര ബോധം പുലർത്തുന്നവരാണ്. നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണമെന്ന് ഉപദേശിച്ച ക്രിസ്തുവിന്റെ അനുകാരികൾക്ക് എങ്ങനെയാണ് മറിച്ചുചിന്തിക്കാൻ കഴിയുക. ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ എന്ന പ്രയോഗത്തിൽ ജാതിയും മതവും ഇല്ല.ദൈവമക്കൾ എന്ന സ്നേഹഭാവവും സമദർശനവും മാത്രമാണ് ക്രൈസ്തവരെ മുന്നോട്ട് നയിക്കുന്ന ചിന്താമാർഗം.അതിനാൽ തന്നെ വർഗീയതയും മതഭേദവും ഭിന്നതകളും ഒന്നും അവരിൽ താൽപര്യം ജനിപ്പിക്കുകയില്ല.ഏറെക്കാലമായി ഭാരതത്തിൽ പലയിടങ്ങളിലും ക്രൈസ്തവർക്ക് നേരെ ആക്രമണങ്ങൾ ഉണ്ടായി.മണിപ്പൂർ അതിന്റെ അവസാന അടയാളം മാത്രമാണ്. ഗ്രഹാം സ്റ്റെയിൻസ്, സ്റ്റാൻ സ്വാമി അടക്കം മിഷണറിമാരും പുരോഹിതരും കന്യാസ്ത്രീകളും ശുശ്രൂഷകരും എല്ലാം നേരിട്ട പീഡനങ്ങൾ ക്രൈസ്തവസമൂഹത്തിന് വേദന നിറഞ്ഞ അനുഭവങ്ങളും ഓർമ്മയായി മാറി. ഇന്ത്യക്കാർ എന്ന വിചാരത്തിൽ നാനാത്വത്തിലെ ഏകത്വമാണ് തെളിഞ്ഞ് നിൽക്കേണ്ടത്.ഭരണഘടന നൽകുന്ന സംരക്ഷണം എല്ലാവർക്കും ഒരേപോലെ ലഭിക്കണം.ജനജീവിതം ശുഭഗതിയിൽ തുടരണം.ക്രൈസ്തവരും ആ പരിശ്രമങ്ങൾക്ക് സഹചാരികൾ ആകണം. മതേതര രാഷ്ട്രമായി നിലനിൽക്കുന്ന ഇന്ത്യയ്ക്കായി പൗരാവകാശം വിനിയോഗിക്കണം.ജാതിയും മതവും മനുഷ്യൻ എന്ന പരിഗണനയ്ക്ക് മുകളിൽ ആകരുത്.മനുഷ്യപുത്രൻ ദൈവപുത്രൻ എന്നിങ്ങനെ ക്രിസ്തുവിനെ വിശേഷിപ്പിക്കുമ്പോൾ മനുഷ്യത്വം എന്നതിന് നൽകുന്ന പ്രാധാന്യം ശ്രദ്ധിക്കണം.തിരഞ്ഞെടുപ്പുകൾ സമീപിക്കുമ്പോൾ മാത്രം ഉണ്ടാകുന്ന സമബോധം കാപട്യമാണ് എന്ന് തിരിച്ചറിയാൻ കഴിയണം എന്നതും പ്രധാനമാണ്.സ്ഥാനാർത്ഥികൾ ആരാണ്.അവർ സുസ്ഥിരമായ നിലയിൽ ജനമധ്യത്തിൽ ഉള്ളവരാണോ,അഭിപ്രായം , നിലപാട് ഉള്ളവർ ആണോ,പ്രതികരണ ശേഷി പുലർത്തുന്നവർ ആണോ.നാടിന്റെ ശരിയായ ശബ്ദമാകുവാൻ അവർക്ക് കഴിയുമോ എന്നെല്ലാം ചിന്തിച്ച് വേണം ക്രൈസ്തവരും വോട്ടവകാശം വിനിയോഗിക്കേണ്ടത്.എല്ലാവർക്കും വേണ്ടി എല്ലാവരും എന്നതാകണം അതിന് പ്രേരിപ്പിക്കുന്ന അടിസ്ഥാനബോധം. ഇന്ത്യ നിലനിൽക്കട്ടെ.അതിന്റെ ഭരണഘടനയും,

തലമുറകൾക്ക് വേണ്ടി ചിന്തിക്കുക എന്നത് നമുക്ക് മാത്രം സാധിക്കുന്ന ദൗത്യമാണ്.അതിൽ പിഴവ് വരുത്തരുത്.




## വിഷയം

## ഈ തെരഞ്ഞെടുപ്പിൽ ക്രൈസ്തവർ എങ്ങോട്ട്?


**ഓർക്കുക: ക്രിസ്ത്യൻ ലൈവ് പത്രം ഒരു രാഷ്ട്രീയപാർട്ടിയെയും സപ്പോർട്ട് ചെയ്യുന്നില്ല. എന്നാൽ വിവിധ കാഴ്ചപ്പാടുകളെ സസന്തോഷം സ്വാഗതം ചെയ്യുന്നു**

# മല്ലപ്പള്ളി താലൂക്ക് സമ്മേളനം

മല്ലപ്പള്ളി: യുണൈറ്റഡ് പെന്തക്കോസ്തൽ സിനഡിന്റെ മല്ലപ്പള്ളി താലൂക്ക് സമ്മേളനം നടന്നു. ഡോ. ബോസ് വി എബ്രഹാം അധ്യക്ഷത വഹിച്ചു.റവ.ഡോ.ബാബു ജോർജ് മുഖ്യപ്രഭാഷണം നടത്തി. പാ. മാത്യു ബെന്നി പ്രാർത്ഥനക്ക് നേതൃത്വം നൽകി.

ഭാരവാഹികൾ:
താലൂക്ക് പ്രസിഡണ്ട് : ബൈജു വർഗീസ്,
സെക്രട്ടറി : ജിനു
ട്രഷറാർ : എ. ജെ. ജോൺ
വുമൺസ് പ്രസിഡണ്ട്: ഡേഴ്സി വി എസ്,
സെക്രട്ടറി : ലിന്റാ ജിനു
ട്രഷറാർ : ദീപ്തി സന്തോഷ്

# സുവിശേഷം പ്രതിസന്ധികൾക്ക് പരിഹാരം: സാമുവൽ മാർ ഐറേനിയസ്



പത്തനംതിട്ട പ്രേഷിതയാകാത്ത സഭ മരിച്ച സഭയാണെന്ന് സാമുവൽ മാർ ഐറേനിയസ്.

മലങ്കര കത്തോലിക്കാ സഭ പത്തനംതിട്ട രൂപതയുടെ നേതൃത്വത്തിൽ നടത്തിയ പത്തനംതിട്ട ബൈബിൾ കൺവൻഷനിൽ സമാപന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. കുലീനമായ കുടുംബങ്ങൾ അന്യംനിന്നു പോകുന്നു. സുവിശേഷമാണ് നമ്മുടെ നാട് കടന്നുപോകുന്ന പ്രതിസന്ധികൾക്ക് പരിഹാരമെന്നും അദ്ദേഹം പറഞ്ഞു. അടുത്ത വർഷം നോമ്പുകാല സമയത്തെ കൺവൻഷൻ അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലെ ഫാ.ബിനോയ് കരിമരുതി ങ്കൽ നയിക്കും. വി. കുർബാനയ്ക്ക് റാന്നി പെരുനാട് വൈദിക ജില്ലയിലെ അച്ചന്മാർ കാർമികത്വം വഹിച്ചു.
ഇന്ന് വൈകിട്ട് കൺവൻഷൻ വേദിയിൽ സുവിശേഷ മൂല്യങ്ങളെ അധികരിച്ചുള്ള ''ഹോപ്പ്'' എന്ന സിനിമയുടെ പ്രദർശനം നടക്കും.

# ഫാ. ആൻഡ്റൂസ് ചിരവത്തറ കോർ എപ്പിസ്കോപ്പ അന്തരിച്ചു



കോട്ടയം : യാക്കോബായ സുറിയാനി സഭയിലെ സീനിയർ വൈദികനും മണർകാട് സെന്റ് മേരിസ് യാക്കോബായ സുറിയാനി പള്ളി സഹവികാരിയുമായ ആൻഡ്രുസ് ചിരവത്തറ കോർ എപ്പിസ്കോപ്പ അന്തരിച്ചു.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
04
21 MARCH 2024
VOL 03 | ISSUE 080 | 779

# വൈവിധ്യത്തിലെ ഐക്യ ദർശനം ദൈവീക പദ്ധതി: സഖറിയാസ് മാർ അപ്രേം



ന്യൂഡൽഹി: വൈവിധ്യത്തിലെ ഐക്യ ദർശനം ദൈവീക പദ്ധതിയാണെന്നും ഐക്യത്തിന് തുടക്കം കുറിക്കേണ്ടത് നാം ഓരോരുത്തരുമാണെന്നും അപരനിലേക്ക് എത്തുവാൻ നാം തയ്യാറാകണമെന്നും സഖറിയാസ് മാർ അപ്രേം എപ്പിസ്ക്കോപ്പാ. സിഎസ്ഐ, സിഎൻഐ, മാർത്തോമ്മാ സഭകളുടെ ഐക്യവേദിയായ കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയുടെ സിൽവർ ജൂബിലിയുമായി ബന്ധപ്പെട്ട് ഡൽഹിയിൽ നടത്തിയ റീജിയണൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
സി എൻ ഐ ജനറൽ സെക്രട്ടറി റവ. ഡോ. ഡി. ജെ. അജിത് കുമാർ അധ്യക്ഷത വഹിച്ചു. സി സി ഐ എക്സിക്യുട്ടീവ് സെക്രട്ടറി ഡോ. പ്രകാശ് പി. തോമസ്, ഭദ്രാസന സെക്രട്ടറി റവ.സാം എബ്രഹാം, റവ. റോബിൻ മാത്യു ജോൺ, ഗോൾഡൻ നായക്, റവ. മാത്യു ജോർജ്, റവ. സനൽ പി. ജോർജ് എന്നിവർ പ്രസംഗിച്ചു.

# പള്ളികളിലെ ജീവനക്കാർക്ക് അമ്പത് ശതമാനം ശമ്പളവർധന

അബുദാബി: യുഎഇയിലെ പള്ളികളിലെ ഇമാമുമാർ ഉൾപ്പെടെയുള്ള എല്ലാ പള്ളി ജീവനക്കാർക്കും അമ്പത് ശതമാനം ശമ്പളവർധന. ജനറൽ അതോറിറ്റി ഫോർ ഇസ്ലാമിക് അഫയേഴ്സ് ആൻഡ് എൻഡോവ്മെന്റ്(ജിഎഐഎഇ)ന് കീഴിൽ പ്രവർത്തിക്കുന്ന ഇമാമുമാരും മഅദ്ദിൻ(മുക്രി) മാരും ഉൾപ്പെടെ എല്ലാ പള്ളി ജീവനക്കാർക്കും അടിസ്ഥാന ശമ്പളത്തിന്റെ 50 ശതമാനം പ്രതിമാസ സാമ്പത്തിക അലവൻസ് നൽകാൻ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ നിർദ്ദേശം നൽകി. വൈസ് പ്രസിഡണ്ടും ഉപപ്രധാന മന്ത്രിയും പ്രസിഡൻഷ്യൽ കോടതി ചെയർമാനുമായ ഷെയ്ഖ് മൻസൂർ ബിൻ സായിദ് അൽ നഹ്യാന്റെ മാർഗ നിർദേശങ്ങൾക്കും പിന്തുണയ്ക്കും കീഴിലുള്ള ഈ അലവൻസ് എല്ലാവരുടേയും പ്രതിമാസ ശമ്പളത്തിനോടൊന്നൊച്ച് ലഭിക്കുമെന്ന് ജിഎഐഎഇ ചെയർമാൻ ഡോ ഒമർ ഹബ്തൂർ അൽ ദാറെ പറഞ്ഞു.

ആരാധനയുടെയും ശാന്തതയുടെയും അന്തരീക്ഷം പള്ളികളിൽ ശുഷ്കാന്തിയോടെ പരിപാലിക്കുന്ന ഇമാമാർക്കും മുഅദ്ദിനുമാർക്കും മറ്റു ജീവനക്കാർക്കും പ്രസിഡന്റ് നൽകുന്ന ആദരവാണിത്. പള്ളി ജീവനക്കാരോടുള്ള ഈ സ്നേഹാദരവുകൾക്ക് പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും ഷെയ്ഖ് മൻസൂർ ബിൻ സായിദ് അൽ നഹ്യാനും നന്ദി അറിയിച്ചു.

# ഏഴാമത് കുളത്തുവയൽ തീർത്ഥാടനം നാളെ

കുളത്തുവയൽ : നാൽപ്പതാം വെള്ളി ആചരണത്തോടനുബന്ധിച്ച് താമരശേരി ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ നേതൃത്വത്തിൽ നടക്കുന്ന ഏഴാമത് കുളത്തുവയൽ തീർത്ഥാടനം നാളെ രാത്രി പത്തിന് താമരശേരി മേരീമാതാ കത്തീഡ്രൽ ദേവാലയത്തിൽ നിന്നും ആരംഭിക്കും. കുരിശിന്റെ വഴിയും ജപമാലയും തുടർച്ചയായി ചൊല്ലി 35 കിലോമീറ്റർ കാൽ നടയായുള്ള തീർത്ഥാടനം താമരശേരി അൽഫോൻസാ സ്കൂൾ, കട്ടിപ്പാറ, തലയാട്, കല്ലാനോട്, കൂരാച്ചുണ്ട് എന്നീ കേന്ദ്രങ്ങളിലൂടെ സഞ്ചരിച്ച് 22ന് രാവിലെ എട്ടിന് കുളത്തുവയൽ സെന്റ് ജോർജ് തീർത്ഥാടന കേന്ദ്രത്തിൽ എത്തിച്ചേരും. മരുതോങ്കര ഫൊറോനയിൽ നിന്നും പുലർച്ചെ നാലിന് ആരംഭിക്കുന്ന തീർത്ഥാടനം ചെമ്പനോട, പെരുവണ്ണാമൂഴി വഴി കുളത്തുവയലിൽ എത്തിച്ചേരും.തുടർന്ന് നടക്കുന്ന വിശുദ്ധ കുർബാന, വചന സന്ദേശം എന്നിവക്കുപത വികാരി ജനറാൾ മോൺ. ഏബ്രഹാം വയലിൽ കാർമികത്വം വഹിക്കും. വൈദികരും, സന്യസ്തരും അടങ്ങുന്ന ആയിരകണക്കിന് വിശ്വാസികൾ തീർത്ഥാടനത്തിൽ പങ്കുചേരും. യുദ്ധക്കെടുതികൾ മൂലം ക്ലേശം അനുഭവിക്കുന്നവരെയും വന്യജീവി ഭീതിയിൽ കഴിയുന്ന മലയോര മേഖലയെയും ദുരിതത്തിലായ കർഷകരെയും പരീക്ഷയെഴുതുന്ന വിദ്യാർഥികളെയും യുവജനങ്ങളെയും തീർത്ഥാടനത്തിൽ പ്രത്യേക നിയോഗമായി സമർപ്പിക്കും.

# വീടിന്റെ ഗേറ്റ് ദേഹത്തു വീണ് മരിച്ചു

കൊച്ചി : ഏലൂരിൽ വീടിന്റെ ഗേറ്റ് ദേഹത്തുവീണ് സ്ത്രീ മരിച്ചു. ഏലൂർ വില്ലേജ് ഓഫീസ് താൽക്കാലിക ജീവനക്കാരി ജോസ് മേരിയാണ് മരിച്ചത്. ഇന്ന് രാവിലെ ഭർത്താവിന് ജോലിക്ക് പോകുന്നതിനായി ഗേറ്റ് തുറന്നുകൊടുത്തപ്പോഴാണ് അപകടമുണ്ടായത്. വശത്തേക്ക് വലിച്ചു നീക്കുന്ന ഗേറ്റ് തകർന്ന് ജോസ് മേരിയുടെ ദേഹത്തേക്ക് വീഴുകയായിരുന്നു. സമീപവാസികൾ ചേർന്ന് ജോസ് മേരിയെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

# അനേകരുടെ ജീവൻ രക്ഷിച്ച് രക്തസാക്ഷിത്വം വരിച്ച പാക്ക് യുവാവ് ദൈവദാസ പദവിയിലേക്ക്

ലാഹോർ: കത്തോലിക്ക ദേവാലയത്തിൽ ചാവേർ ആക്രമണം നടത്താൻ വന്ന തീവ്രവാദിയെ സ്വജീവൻ പണയം വെച്ച് തടഞ്ഞുനിർത്തി അനേകരുടെ ജീവൻ രക്ഷിക്കുകയും ഒടുവിൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്ത ആകാശ് ബഷീറിന്റെ നാമകരണ നടപടിയിലെ സുപ്രധാന ഘട്ടം പിന്നിട്ട് ലാഹോർ അതിരൂപത. രൂപതാ അന്വേഷണത്തിനു സമാപനം കുറിച്ചുക്കൊണ്ട് ബലിയർപ്പണവും സമാപന സമ്മേളനവും ഇക്കഴിഞ്ഞ ദിവസം നടന്നു. സമാപന സമ്മേളനത്തിൽ ആർച്ച് ബിഷപ്പ് സെബാസ്റ്റ്യൻ ഫ്രാൻസിസ് ഷാ അധ്യക്ഷത വഹിച്ചു. ഫാ. അംജദ് യൂസഫ്, എപ്പിസ്കോപ്പൽ പ്രതിനിധി ഫാ. റഫാൻ ഫയാസ്, പ്രൊമോട്ടർ ഓഫ് ജസ്റ്റിസ്, ഫാ. പാട്രിക് സാമുവൽ ഒഎഫ്എം എന്നിവർ പങ്കെടുത്ത ചടങ്ങിൽ ആകാശ് ബഷീറിന്റെ ജീവിതത്തെ സംബന്ധിക്കുന്ന പഠന വിധേയമാക്കിയ കാര്യങ്ങളും കണ്ടെത്തിയ കാര്യങ്ങളും അവതരിപ്പിച്ചു. പ്രാമാണീകരണ പ്രക്രിയ പൂർത്തിയായ പശ്ചാത്തലത്തിൽ രേഖകൾ റോമിലെ വിശുദ്ധരുടെ നാമകരണത്തിനായുള്ള ഡിക്കാസ്റ്ററിയിലേക്ക് അയക്കും. ഇതിന്റെ ഉത്തരവാദിത്വം, പാക്കിസ്ഥാനിലേക്കുള്ള അപ്പസ്തോലിക് ന്യൂൺഷ്യോ, ആർച്ച് ബിഷപ്പ് ജെർമാനോ പെനർനോട്ട് ഏറ്റെടുത്തു. വത്തിക്കാനിലെ നടപടിക്രമം പൂർത്തിയാകുന്നതുവരെ നാമകരണ സംബന്ധമായ വിവരങ്ങളുടെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുമെന്ന് ആർച്ച് ബിഷപ്പ് സെബാസ്റ്റ്യൻ ഫ്രാൻസിസ് ഷായും മറ്റ് പ്രതിനിധി അംഗങ്ങളും പ്രതിജ്ഞയെടുക്കുകയും നടപടി ക്രമപ്രകാരം മുദ്ര വെക്കുകയും ചെയ്തു.

1994 ജൂൺ 22ന് ഖൈബർ പഖ്തൂൺഖ്വ പ്രവിശ്യയിലെ നൗഷേരയിലെ റിസാൽപൂരിലായിരിന്നു ആകാശിന്റെ ജനനം. 2008ലാണ് ആകാശിന്റെ കുടുംബം യൗഹാനാബാദിൽ താമസമാക്കുന്നത്. 2013ൽ പെഷവാറിലെ സകല വിശുദ്ധരുടെയും നാമധേയത്തിലുള്ള ദേവാലയത്തിലുണ്ടായ ചാവേർ ആക്രമണത്തിനു ശേഷം തങ്ങളുടെ ദേവാലയത്തെ സംരക്ഷിക്കുന്നതിനുള്ള ആഗ്രഹം ആകാശ് സുഹൃത്തുക്കളോട് വെളിപ്പെടുത്തിയിരുന്നു. 2014ലാണ് ദേവാലയത്തിന്റെ സംരക്ഷണ ചുമതലയുള്ള സന്നദ്ധ സേവകർക്കൊപ്പം ആകാശും ചേരുന്നത്. പിറ്റേവർഷം യൗഹാനാബാദിലെ രണ്ടു ദേവാലയങ്ങളിലായുണ്ടായ ചാവേർ ആക്രമണങ്ങളിൽ 20 പേർ കൊല്ലപ്പെടുകയും, എൺപതോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

ചാവേറുകൾ ദേവാലയത്തിൽ പ്രവേശിക്കുവാൻ ശ്രമിച്ചപ്പോൾ പ്രവേശന കവാടത്തിൽ നിന്നിരുന്ന ആകാശ് അവരെ തടയുന്നതിനിടയിലാണ് കൊല്ലപ്പെടുന്നത്. ‘‘ഞാൻ മരിക്കും, പക്ഷേ ഞാൻ നിങ്ങളെ ദേവാലയത്തിൽ പ്രവേശിക്കുവാൻ സമ്മതിക്കുകയില്ല’’ എന്നതായിരുന്നു ആകാശിന്റെ അവസാന വാക്കുകൾ. ആകാശ് ബഷീറും, മറ്റ് രണ്ട് പേരും പള്ളിക്ക് പുറത്തും ആയിരത്തിലധികം വിശ്വാസികൾ പള്ളിക്കകത്തും തിങ്ങിനിറഞ്ഞിരുന്നു. ആകാശ് അക്രമിയെ ദേവാലയത്തിന്റെ അകത്ത് പ്രവേശിക്കാൻ തടഞ്ഞത് കൊണ്ട് വലിയ ഒരു കൂട്ടക്കൊലയാണ് അന്ന് ഒഴിവായത്. ആകാശിന്റെ മരണശേഷം അവന്റെ സഹോദരനായ അർസലാൻ ദേവാലയത്തിന്റെ സുരക്ഷാ വോളണ്ടിയറായി സേവനം ആരംഭിച്ചിരിന്നു. 2022 ജനുവരി 31നു ആകാശിനെ ദൈവദാസ പദവിയിലേക്ക് ഉയർത്തിയിരിന്നു.

# പാസ്റ്റർ പി.വി. ചുമ്മാർ അനുസ്മരണ സമ്മേളനം നടത്തി



പഴഞ്ഞി: ആത്മീയാചാര്യനായിരുന്ന പാസ്റ്റർ ചുമ്മാറിന്റെ നിര്യാണത്തിൽ കാട്ടകാമ്പാൽ പഞ്ചായത്ത് പൗരാവലി അനുസ്മരണ സമ്മേളനം നടത്തി.
ഒട്ടേറെ ക്രിസ്തീയ ഭക്തിഗാനങ്ങളുടെ രചയിതാവ്, അപ്പൊസ്തൊലിക് ചർച്ച് ഓഫ് ഗോഡ് സഭാധ്യക്ഷൻ, എഴുത്തുകാരൻ, പ്രഭാഷകൻ എന്ന നിലയിലും സാമൂഹികആത്മീയ പ്രവർത്തനങ്ങൾക്കൊപ്പം നൂറുകണക്കിന് വിദ്യാർഥികൾക്ക് വിദ്യ പകർന്നുനൽകിയ അദ്ധ്യാപകനും കൂടിയായിരുന്ന പാസ്റ്റർ ചുമ്മാർ ജീവിതാവസാനം വരെയും കർമനിരതനായിരുന്നു.

ഞായറാഴ്ച നടന്ന അനുസ്മരണ യോഗത്തിൽ കാട്ടകാമ്പാൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബബിത ഫിലോ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രതിപക്ഷ നേതാവ് എം.എസ്. മണികണ്ഠൻ, പഞ്ചായത്ത് അംഗങ്ങളായ യദുകൃഷ്ണൻ, കെ.ടി ഷാജൻ, ബി.ജെ.പി നിയോജക മണ്ഡലം ജന സെക്രട്ടറി പി.ജെ ജെബിൻ, ഇ.പി കമറുദ്ദീൻ, എം ബാലാജി, നഗരസഭ കൗൺസിലർ ലെബീബ് ഹസൻ , പി.ജി ജയപ്രകാശ്, കെ.വി രാജു , ജോജു വർഗീസ്, ഡോ സാജൻ സി ജേക്കബ്, ഷാജൻ മുട്ടത്ത് , ജോബിഷ് ചൊവ്വല്ലൂർ, മഹേഷ് തിരുത്തിക്കാട്, പാസ്റ്റേഴ്സ് ഇ.ജി ജോസ് , സി.യു ജെയിംസ്, പി.സി ലിബിനി, ബോവസ് ഈശായി, ബീന ഭക്തവത്സലൻ തുടങ്ങി സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലയിലുള്ള നിരവധി പേർ അനുസ്മരണ യോഗത്തിൽ പങ്കെടുത്തു. ജെയ്സൻ ജോബിന്റെ നേതൃത്വത്തിൽ ഫേവറേസ് മെലഡി ഗാനശുശ്രൂഷ നിർവഹിച്ചു.

# ഷാരോൺ ഇവന്റ് സെന്റർ ഉദ്ഘാടനവും സംഗീത വിരുന്നും മാർച്ച് 23 ശനിയാഴ്ച

മെസ്ക്വിറ്റ് (ഡാളസ്) : അത്യാധുനിക സൗകര്യങ്ങളോടെ 950 പേർക്ക് ഇരിപ്പിട ക്രമീരണങ്ങളോടെ നിർമിച്ച ഡാലസിലെ ഷാരോൺ ഇവന്റ് സെന്റർ (940ബി ബാരൻസ് ബ്രിഡ്ജ് റോഡ്, മെസ്ക്വിറ്റ് 75150) ന്റെ മഹത്തായ ഉദ്ഘാടനം മാർച്ച് 23 ശനിയാഴ്ച വൈകീട്ട് 6:30 നു നടത്തുന്നതാണെന്നു സംഘാടകർ അറിയിക്കുന്നു.

ഷാരോൺ സഭയുടെ ചരിത്രത്തിലെ ഈ സന്തോഷകരമായ നിമിഷത്തിൽ പങ്കെടുക്കാൻ നിങ്ങളെയും നിങ്ങളുടെ സുഹൃത്തുക്കളെയും കുടുംബങ്ങളെയും ക്ഷണിക്കുന്നു. ഈ ഇവന്റ് സെന്റർ ഡാളസ് മെട്രോപ്ലെക്സിലെ വിശ്വാസികളുടെ സമൂഹത്തിന് വലിയ അനുഗ്രഹമായിരിക്കുമെന്നും ഇതിന് കൺവെൻഷനുകൾ, വിവാഹങ്ങൾ, മറ്റ് വലിയ സമ്മേളനങ്ങൾ തുടങ്ങിയ പരിപാടികൾ നടത്താൻ കഴിയുമെന്നും പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ റോയ് എബ്രഹാം, ജോൺ ടി മണിയാട്ട്, എബി പുളികുന്നേൽ എന്നിവർ അറിയിച്ചു. ഉദ്ഘാടന സമ്മേളനത്തിന് ശേഷം ആരംഭിക്കുന്ന സംഗീത സായാനത്തിലേക്കും പാസ്റ്റർ ഷിബു തോമസിന്റെ ദൈവവചന പ്രഘോഷണത്തിലേക്കും ഏവരെയും ക്ഷണിക്കുന്നുവെന്നും സീനിയർ പാസ്റ്റർ സ്റ്റീഫൻ വർഗീസ് അറിയിച്ചു.
കൂടുതൽ വിവരങ്ങൾക്ക് :
പാ.സ്റ്റീഫൻ വർഗീസ്,
(1 321 333 8371), പാ. ഫിന്നി വർഗീസ് (1 972 333 7542).

# ബോണക്കാട് കുരിശുമല തീർത്ഥാടനം നാളെ മുതൽ

വിതുര : കിഴക്കിന്റെ കാൽവരി എന്നറിയപ്പെടുന്ന ബോണക്കാട് കുരിശുമലയുടെ 67ാമത് തീർത്ഥാടനം നാളെ മാർച്ച് 21 ന് ആരംഭിക്കും. 21 മുതൽ 24 വരെ ഒന്നാം ഘട്ടവും, 29ന് ദുഃഖവെള്ളി ദിനത്തിൽ രണ്ടാംഘട്ടവും നടക്കും. ''വിശുദ്ധ കുരിശ് ഇരുളകറ്റുന്ന പ്രകാശ ഗോപുരം'' എന്നതാണ് ഈ വർഷത്തെ തീർത്ഥാടന സന്ദേശം. 21ന് രാവിലെ 8.30ന് പ്രാരംഭ പ്രാർത്ഥന. ഒമ്പതിന് റെക്ടർ ആൻഡ് ചുള്ളിമാനൂർ ഫൊറോന വികാരി ഫാ. അനിൽ കുമാർ തീർത്ഥാടന പതാക ഉയർത്തും.

9.30ന് കാൽവരി ഇടവക വികാരി ഫാ. ജസ്റ്റിൻ ഫ്രാൻസിസ് നയിക്കുന്ന കുരിശിന്റെ വഴി. തുടർന്ന് കുരിശിന്റെ ആശിർവാദം. 11.30ന് നെടുമങ്ങാട് റിജിയൺ കോഡിനേറ്റർ മോൺ. റൂഫസ് പയസ് ലീന്റെ മുഖ്യ കാർമികത്വത്തിൽ ആഘോഷമായ ദിവ്യബലി. പേരയം ഇടവക വികാരി ഫാ. പ്രദീപ് ആന്റോ വചന സന്ദേശം നൽകും. തുടർന്ന് പിയാത്ത വന്ദനം. ആദ്യദിവസ തീർത്ഥാടനത്തിന് ചുള്ളിമാനൂർ ഫൊറോന നേതൃത്വം നൽകും.

ദുഃഖവെള്ളി ദിനമായ 29ന് രാവിലെ എട്ടിന് ഫാ. റിനോയ് കാട്ടിപറമ്പിൽ ഒ എസ് ജെ നയിക്കുന്ന കുരിശിന്റെ വഴി. തുടർന്ന് കുരിശാരാധന, കുരിശുവന്ദനം നെടുമങ്ങാട്, ആര്യനാട്, ചുള്ളിമാനൂർ ഫൊറോന കളിലെ അൽമായ കൂട്ടായ നേതൃത്വം നൽകുന്ന തീർത്ഥടനത്തിന് നെയ്യാറ്റിൻകര രൂപതയിലെ വിവിധ ഭാഗങ്ങളിൽ നിന്നും നിരവധി വിശ്വാസികൾ പങ്കെടുക്കും.

# മോർട്ടൻ ഗ്രോവ് സെന്റ് മേരിസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ മുൻ എക്സിക്യൂട്ടീവ് അംഗങ്ങളെ ആദരിച്ചു

ഷിക്കാഗോ : 2022 23 കാലയളവിൽ സെന്റ് മേരിസ് ഇടവകയിൽ എക്സിക്യൂട്ടീവ് അംഗങ്ങളായി സേവനം ചെയ്തു വിരമിക്കുന്ന കൈകാരന്മാരായ കുഞ്ഞച്ചൻ കുങ്കര , അലക്സ് മുല്ലപ്പള്ളി , ജെയിംസ് കിഴക്കേ വാലേൽ ,അമൽ കിഴക്കേക്കുറ്റ് , പരീക്ഷ കൗൺസിൽ സെക്രട്ടറി ആയി സേവനം ചെയ്ത ജോണിക്കുട്ടി പിള്ള വീട്ടിൽ ,കഴിഞ്ഞ ഏഴു വർഷക്കാലം പാരിഷ് പി . ആർ . ഒ ആയി സേവനം ചെയ്തു പിരിയുന്ന സ്റ്റീഫൻ ചൊള്ളമ്പേൽ ഇടവക എന്നിവരെ വികാരി ഫാ. സിജു മുടക്കോടിൽ പ്രശംസാ ഫലകം നൽകി ആദരിച്ചു. വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം നടത്തപ്പെട്ട ഹ്യസ്വമായ ചടങ്ങിൽ വച്ചാണ് മുൻ എക്സിക്യൂട്ടീവ് അംഗങ്ങളെ ആദരിച്ചത്. കേരളത്തിന് പുറത്തുള്ള ഏറ്റവും വലിയ ക്നാനായ ഇടവക എന്ന നിലക്ക്, ഷിക്കാഗോ സെന്റ് മേരീസ് ഇടവകയുടെ ദൈനദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക എന്നത് വളരെയധികം ശ്രദ്ധയും കരുതലും ആവശ്യമായ ഒരു കാര്യമാണ് എന്നും, തികഞ്ഞ പ്രതിബദ്ധതയോടെയും സേവന സന്നദ്ധതയോടെയും ഈ കർത്തവ്യം ഏറ്റെടുക്കുകയും പൂർത്തിയാക്കുകയും ചെയ്ത എക്സിക്യൂട്ടീവ് അംഗങ്ങൾക്കും, അവർക്ക് പൂർണ്ണ പിന്തുണ നൽകികൊണ്ട് അവരുടെ സേവനം ഇടവകയ്ക്ക് ലഭ്യമാക്കിയ അവരുടെ കുടുംബാഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നതായി ഇടവക വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു.

അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ, സെക്രട്ടറി സി. സിൽവേറിയസ് എന്നിവർ പങ്കെടുത്ത ചടങ്ങിന് കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ജോർജ്ജ് മറ്റത്തിൽപ്പറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ നേതൃത്വം നൽകി.

# ബിഷപ്പ് പാംപ്ലാനി പറഞ്ഞ ആ എം.പി. ഞാൻ തന്നെ: തുഷാർ വെള്ളാപ്പള്ളി



കോട്ടയം:തലശ്ശേരി ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയുടെ പ്രസ്താവനയിൽ പറയുന്ന എം.പി. ഞാൻ തന്നെയെന്ന് കോട്ടയത്തെ എൻ.ഡി.എ. സ്ഥാനാർഥി തുഷാർ വെള്ളാപ്പള്ളി. റബ്ബറിന് കിലോഗ്രാമിന് 300 രൂപയാക്കിയാൽ കേരളത്തിൽനിന്ന് ബി.ജെ.പി.ക്ക് ഒരു എം.പി.യെ തരാം എന്ന ബിഷപ്പിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെടുത്തിയപ്പോഴായിരുന്നു പ്രതികരണം. റബ്ബറിന് 250 രൂപയാക്കാമെന്ന് കേന്ദ്രത്തിൽനിന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടെന്ന് തുഷാർ പറഞ്ഞു. എന്നാൽ തുഷാറിനെ വിമർശിച്ച് യു.ഡി.എഫ്. സ്ഥാനാർഥി ഫ്രാൻസിസ് ജോർജ് രംഗത്തുവന്നു. റബ്ബറിന് വില കൂട്ടുമെന്ന് കേന്ദ്രം തുഷാറിനോടാണോ പറയേണ്ടതെന്ന് അദ്ദേഹം ചോദിച്ചു.

''പ്രധാനമന്ത്രി കേരളത്തിൽ വന്നിട്ട് ഇതിൽ എന്തെങ്കിലും പറഞ്ഞോ? തുഷാറിനോട് രഹസ്യമായി പറയാതെ രാജ്യത്തെ ജനങ്ങളോട് കാര്യം പറയണം'' ഫ്രാൻസിസ് ജോർജ് പ്രതികരിച്ചു.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
06
21 MARCH 2024
VOL 03 | ISSUE 080 | 779

# തിരുവല്ലയിൽ വൈ. ഡബ്ല്യു.സി.എ.യുടെ നവീകരിച്ച കെട്ടിടം



തിരുവല്ല: വൈഡബ്ല്യു സിഎയുടെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളി വികാരി റവ. കെ. എം. മാത്യു നിർവഹിച്ചു. പ്രസിഡണ്ട് എലിസബത്ത് പെറ്റ്സി വർഗീസ് അധ്യക്ഷത വഹിച്ചു. ബിൽഡിങ് കമ്മിറ്റി അധ്യക്ഷ ജാൻസി ജോ ജോ, ലൈല ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

നവീകരിച്ച ഹോസ്റ്റലിൽ വിദ്യാർഥികൾക്കും ഉദ്യോഗാർഥികൾക്കും പ്രവേശനം ലഭ്യമാണ്.

# ആത്മീയ ഉത്സവം 2024

മെൽബൺ : ഫിലാഡൽഫിയ ക്രിസ്ത്യൻ അസ്സെമ്ബ്ളിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 19 20 തീയതികളിൽ വൈകിട്ട് 6 pm ന് ക്രാൻബോൺ കമ്മ്യൂണിറ്റി തിയേറ്റർ കോർദ്റിങ്ടോൺ സ്ട്രീറ്റ് ആൻഡ് ബ്രണ്ട് സ്ട്രീറ്റ് ക്രാൻബോൺ VIC 3977 ൽ 'ആത്മീയ ഉത്സവം 2024' നടത്തപ്പെടുന്നു. വചന സന്ദേശം പാ. അനീഷ് തോമസ് നിർവഹിക്കുന്നു. പാ. ലോഡ്സൺ ആന്റണി യുടെ നേതൃത്വത്തിൽ ആരാധനയും നടത്തപ്പെടും.

# ഏകദിന കൺവൻഷൻ

ബാംഗ്ലൂർ : രെഹോബോത്ത് മിഷൻ & മിനിസ്റ്ററിയുടെ ഏക ദിന കൺവെൻഷൻ മാർച്ച് 30 പകൽ 10 മുതൽ 1 : 00 വരെ ജെ. പി നഗർ കുമാരസ്വാമി ലേഔട്ട് ലുള്ള രെഹോബാത് വർഷിപ് സെന്ററിൽ വെച്ചും രാത്രി 6 മുതൽ 9 വരെ ജെ. പി നഗരിൽ ഏലച്ചനഹള്ളി ബെതേൽ ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഗോഡ് ഇന്ത്യ ഹാളിൽ വെച്ചും നടക്കും. പാ. ജോബി ടി. അലക്സ് പ്രസംഗിക്കും.

# കാൻസർ രോഗികൾക്ക് സാമ്പത്തിക സഹായവുമായി കാരിത്താസ് ആശുപത്രി

കോട്ടയം : കാൻസർ ബാധിതർക്ക് സാമ്പത്തിക സഹായവുമായി കാരിത്താസ് ആശുപത്രി .10 ലക്ഷം രൂപയുടെ സഹായം നാൽപ്പതോളം പേർക്കാണ് നൽകിയത്. ആശുപത്രിയുടെ പാലിയേറ്റിവ് മെഡിസിൻ വിഭാഗവും എസ്.ഡി. എം. കാൻസർ റിലീഫ് ഫണ്ടും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. പരിപാടി ഫാ.ജിനു കാവിൽ ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ രോഗികൾക്കുള്ള സഹായം വിതരണം ചെയ്തു. കാരിത്താസ് ആശുപത്രി ഡയറക്ടർ റെവ.ഡോ. ബിനു കുന്നത്ത് ,മെഡിക്കൽ ഡയറക്ടർ ഡോ. ബോബി,ഡോ. ജോസ് ടോം, ഡോ. അജിത് കുമാർ ,ഡോ . മനു ജോൺ എന്നിവർ പ്രസംഗിച്ചു. ഓരോ രോഗിക്കും 25 ,000 രൂപ വീതമാണ് നൽകിയത്.

# കോട്ടയത്ത് ലോഗോ പ്രകാശനം

Since 1937
CEF
CHILD EVANGELISM FELLOWSHIP
*Reaching children worldwide*

കോട്ടയം: ചൈൽഡ് ഇവഞ്ചലിസം ഫെലോഷിപ് ഓഫ് ഇന്ത്യയുടെ (സിഇഎഫ്) സുവർണ ജൂബിലി ആഘോഷത്തിന്റെ ലോഗോ പ്രകാശനം മാർത്തോമ്മാ സഭ കോട്ടയം കൊച്ചി ഭദ്രാസനാധിപൻ തോമസ് മാർ തിമോത്തിയോസ് നിർവഹിച്ചു.

സിഇഎഫ് ദേശീയ ഡയറക്ടർ ജയൻ വർഗീസ്, എജ്യുക്കേഷനൽ ഡയറക്ടർ പി.യു.തങ്കച്ചൻ, സംസ്ഥാന ഡയറക്ടർ ബിജോ തമ്പി, ചെയർമാൻ ഡേവിഡ് ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു.

# മാർച്ച് 20 : പകലിനും രാത്രിക്കും തുല്യ ദൈർഘ്യം

അമേരിക്ക : ഈ വർഷത്തെ ആദ്യ 'ഇക്വിനോക്സിന് വെർണൽ എക്യുനോസ്' അഥവാ വിഷുവത്തിനു മാർച്ച് 20 സാക്ഷ്യം വഹിച്ചു.സാധാരണയായി മാർച്ച് 20, 21 ദിവസങ്ങളിൽ ഏതെങ്കിലും ഒരു ദിവസമാണ് വെർണൽ എക്യുനോസ് നടക്കുന്നത്. അമേരിക്കൻ കാലാവസ്ഥാവകുപ്പ് നാഷണൽ വെതർ സേവിച്ചിന്റെ അറിയിപ്പ് പ്രകാരം 2024 ലെ വെർണൽ ഇക്വിനോസ് മാർച്ച് 20 നു അനുഭവപ്പെടുമെന്നാണ് പ്രവചനം. ദക്ഷിണാർദ്ധ ഗോളത്തിൽ നിന്നും ഉത്തരാർദ്ധ ഗോളത്തിലേയ്ക്ക് സൂര്യൻ മാറുമ്പോഴാണ് വിഷുവം സംഭവിക്കുന്നത്. ഭൂമധ്യ രേഖ പ്രദേശത്തു രാവും പകലും തുല്യമാകുന്ന ദിവസമാണ് വിഷുവം. ഈ പ്രതിഭാസം കാലാവസ്ഥയിലും നിർണായക മാറ്റം വരുത്തും.

# ബീഹാറിൽ ബജ്റംഗ്ദൾ പ്രവർത്തകരാൽ മർദ്ദനം ഏറ്റ പാസ്റ്റർ സി.പി. സണ്ണിയെ കോട്ടയത്ത് പി.വൈ.പി.എ. പ്രവർത്തകർ സന്ദർശിച്ചു



കോട്ടയം : ഇക്കഴിഞ്ഞ മൂന്നാം തീയതി ഞായറാഴ്ച ആരാധന മധ്യേ ബീഹാറിൽ വച്ച് ബജ്റംഗ്ദൾ പ്രവർത്തകരാൽ അതിദാരുണമായി ആക്രമിക്കപ്പെട്ട പാസ്റ്റർ.സി. പി.സണ്ണിയെയും കുടുംബത്തെയും സന്ദർശിച്ച് സ്വാന്തനമേകി പി വൈ പി എ കോട്ടയം നോർത്ത് സെന്റർ പ്രവർത്തകർ. മാർച്ച് 10 ഞായറാഴ്ച വൈകിട്ട് കോട്ടയം നോർത്ത് സെന്റർ പി വൈ പി എ പ്രസിഡന്റ് പാസ്റ്റർ ജോമോൻ ജേക്കബിന്റെ നേതൃത്വത്തിൽ വൈസ് പ്രസിഡന്റ് ബ്രദർ ഫെയ്ത്ത്മോൻ ജെ, സെക്രട്ടറി ഡോ. ഫെയ്ത് ജെയിംസ്, ജോയിന്റ് സെക്രട്ടറി ബ്ര. ജയ്സൺ വി ജോസ്, തിരുവഞ്ചൂർ സഭ പി വൈ പി എ അംഗം ബ്ര.അഭിഷേക് കുര്യാക്കോസ് എന്നിവർ സണ്ണി പാസ്റ്ററുടെ മുട്ടുചിറയിലുള്ള ഭവനത്തിൽ സന്ദർശിക്കുകയും ആശ്വാസ വചനങ്ങൾ പങ്കുവയ്ക്കുകയും, പ്രാർത്ഥിക്കുകയും പി വൈ പി എയുടെ പിന്തുണ നൽകുകയും ചെയ്തു. ആക്രമണ ദിവസം ഈ ശുശ്രൂഷ കുടുംബം തരണം ചെയ്ത പ്രയാസ പ്രതിസന്ധികൾ സണ്ണി പാസ്റ്ററുടെ സഹധർമ്മിണി ഞങ്ങളുമായി പങ്കുവെക്കുകയും ചെയ്തു. ഏകദേശം ഒരു മണിക്കൂർ പാസ്റ്റർ കുടുംബത്തോടൊപ്പം കൂട്ടായ്മ ആചരിക്കുകയും ഒടുവിൽ പാസ്റ്റർ ജോമോൻ ജേക്കബ് പ്രാർത്ഥിക്കുകയും ചെയ്തു. ''പീഡിതരോടൊപ്പം ഐക്യദാർഢ്യവും സാന്ത്വനവും'' എന്ന പ്രായോഗിക ആശയത്തിൽ നിന്നുകൊണ്ട് 'പ്രാർത്ഥിക്കാം' എന്ന വാക്കുകൾക്കപ്പുറം ക്രൈസ്തവ സഹോദര സ്നേഹത്തിൽ ഇത്തരത്തിലുള്ള കൂട്ടായ്മ പ്രായോഗികമാക്കുവാൻ കഴിഞ്ഞതിൽ പി വൈ പി എ പ്രവർത്തകർ എന്ന നിലയിൽ ഞങ്ങൾ ഏറെ അഭിമാനിക്കുന്നു.

കഴിഞ്ഞ 33 വർഷമായി പാസ്റ്റർ സി പി സണ്ണി ഉത്തരേന്ത്യയിൽ പ്രവർത്തിക്കുന്നു. ആരാധന മധ്യത്തിൽ താൻ സന്ദേശം പറഞ്ഞു കൊണ്ടിരിക്കുമ്പോൾ 35ൽ പരം ആളുകൾ സംഘം ചേർന്ന് അകാരണമായി മർദ്ദിക്കുകയായിരുന്നു. പിന്നീട് അത് 150ൽ പരം സംഘമായി മാറി. 15 മിനിറ്റ് തുടർച്ചയായ് മുറിക്കുള്ളിൽ പൂട്ടിയിട്ട് പാസ്റ്റർ. സണ്ണിയേയും കൂട്ടു സഹോദരനെയും മർദ്ദിച്ച അവശനാക്കിയ ശേഷം റോഡിൽ കൂടി വലിച്ചിഴച്ച് കുറ്റവിചാരണയ്ക്ക് വേണ്ടി കൊണ്ടുപോകുന്ന കാഴ്ചയാണ് നാം വീഡിയോ ക്ലിപ്പ് വഴി കണ്ടത്. പാസ്റ്റർ സണ്ണിക്ക് തലയിലെ ഉൾഭാഗങ്ങളിൽ ചതവും പിടലിക്കു ഫ്രാക്ച്ചറും വലതു കൈ മുകളിലേക്ക് ഉയർത്താൻ കഴിയാത്ത നിലയിൽ സ്വാധീന കുറവും ശരീരമാകെ ചതവും ഉണ്ട്. തുടർ ആവശ്യങ്ങൾക്ക് സാമ്പത്തികമായി മെച്ചപ്പെട്ട നിലയിൽ അല്ല തന്റെ സ്ഥിതി. എല്ലാവരുടെയും പ്രാർത്ഥനയും സാമ്പത്തിക സഹകരണവും നൽകണമെന്ന് പ്രവർത്തകർ ആഹ്വാനം ചെയ്യുന്നു. 9570927125, 8789216810 എന്നീ നമ്പരുകളിൽ ഈ ശുശ്രൂഷ കുടുംബമായി കോൺടാക്ട് ചെയ്യാവുന്നതാണ്.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION


21 MARCH 2024
VOL 03 | ISSUE 080 | 779

# എക്സൽ വി ബി എസ് : ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേക്ക്

കുമ്പനാട് :വിദ്യാർത്ഥികളെ അവധിക്കാലത്ത് ദൈവ വചനം പഠിപ്പിക്കുവാൻ വ്യത്യസ്തമായ ചിന്താ വിഷയവും ഒട്ടേറെ പുതുമകളുമായി എക്സൽ വിബിഎസും രംഗത്ത്.

എ ഐ ജൻ (എക്സ്പ്ലോറിംഗ് ഓതന്റിക് ഇന്റലിജൻസ് ) കുഞ്ഞുങ്ങൾക്ക് നൽകാം നിർമ്മിത ബുദ്ധിക്കു പകരം നിർമ്മല ബുദ്ധി എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം . പതിനഞ്ച് ഭാഷകളിൽ എക്സൽ വി ബി എസ് കൊച്ചു കൂട്ടുകാർക്കായി അടിപൊളി പാട്ടുകൾ, ബൈബിൾ പാഠങ്ങൾ, ഏറ്റവും മികച്ച സിലബസ്, കളികൾ, സമ്മാനങ്ങൾ, എല്ലാം ഒരുക്കിയിട്ടുണ്ട്. കേരളം, തമിഴ്നാട്, കർണാടക, ഒറീസ, മഹാരാഷ്ട്ര, തെലുങ്കാന, ഡൽഹി, മദ്യപ്രദേശ്, രാജസ്ഥാൻ, കേരളം, ഛത്തീസ്ഘഡ്, വെസ്റ്റ് ബംഗാൾ, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ പുറത്ത് മറ്റ് രാജ്യങ്ങളിലും നേപ്പാളിലുമാണ് വി ബി എസ് നടക്കുന്നത്

# കാർഡിനൽ പോൾ ജോസഫ് കോർദെസ് നിര്യാതനായി



വത്തിക്കാൻ : സഭയുടെ സാമൂഹ സേവനത്തിന്റെ ചുമതല വഹിച്ചിരുന്ന കോർ ഉനും എന്ന വത്തിക്കാൻ കാര്യാലയത്തിന്റെ അധ്യക്ഷനായി ഒന്നര പതിറ്റാണ്ട് സേവനം ചെയ്ത കാർഡിനൽ പോൾ ജോസഫ് കോർദസ് (89) നിര്യാതനായി. ജർമ്മൻ സ്വദേശിയായ അദ്ദേഹം 2007 ലാണ് കാർഡിനലായി ഉയർത്തപ്പെട്ടത്. 1995 മുതൽ 2010 വരെയാണ് കാര്യാലയത്തിന്റെ അധ്യക്ഷനായിരുന്നത്. വിരമിച്ച ശേഷം വത്തിക്കാനിൽ തന്നെ വിശ്രമജീവിതം നയിക്കുകയായിരുന്നു.
കാർഡിനൽ കോർദെസിന്റെ മരണത്തോടെ കാർഡിനൽ സംഘത്തിന്റെ അംഗസംഖ്യ 238 ആയി. ഇവരിൽ 129 പേർക്കാണ് അടുത്ത മാർപാപ്പയെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവിൽ വോട്ടവകാശം ഉള്ളത്. ബാക്കി 109 പേർ 80 വയസ്സ് പിന്നിട്ടവരാണ്.

# സഭാ തർക്കത്തിന് ശാശ്വത പരിഹാരം ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം: മാർ ഗ്രിഗോറിയോസ്



കൊച്ചി: ഒരു നൂറ്റാണ്ടിൽ ഏറെയായി നിലനിൽക്കുന്ന യാക്കോബായ, ഓർത്തഡോക്സ് സഭാ തർക്കത്തിന് ശാശ്വത പരിഹാരം ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് യാക്കോബായ സഭയുടെ മലങ്കര മെത്രാപ്പൊലീത്ത ജോസഫ് മാർ ഗ്രിഗോറിയോസ്.

നിയമനിർമാണത്തിലൂടെ സഭാ തർക്കത്തിന് ശാശ്വത പരിഹാരം കണ്ടെത്താനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾക്ക് യാക്കോബായ സഭയുടെ പൂർണ സഹകരണമുണ്ടാകും.

സുപ്രീം കോടതിയും ഹൈക്കോടതിയും നിയമ നിർമാണത്തിനുള്ള സാധ്യതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിശ്വാസപരമായി ഉണ്ടായ വ്യതിയാനങ്ങൾ ഇരു സഭകൾ തമ്മിലുള്ള യോജിപ്പിന്റെ സാധ്യതകൾ ഇല്ലാതാക്കുന്നു. രണ്ടു സഭകളാണെന്ന യാ ഥാർഥ്യം ഉൾക്കൊണ്ട് സമാധാന പരമായ സഹവർത്തിത്വത്തിലൂടെ സമൂഹത്തിന് ക്രിസ്തീയ സാക്ഷ്യം നൽകുവാൻ സാധിക്കണമെന്ന് അദ്ദേഹം പറഞ്ഞു

# ഖത്തറിൽ സ്നേഹ സംഗമം

ഖത്തർ: ദോഹ ശാരോൻ ഫെലോഷിപ്പ് ചർച്ച് ഒതുക്കിയ സ്നേഹ സംഗമം കിടങ്ങന്നൂർ ബാലകൃഷ്ണ കൺവെൻഷൻ സെന്ററിൽ നടന്നു.പൂർവ്വ അംഗങ്ങളും നിലവിലുള്ള അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും സംബന്ധിച്ചു. വിവിധ കാലയളവുകളിൽ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളും പങ്കെടുത്തു.

ശാരോൻ ഫെലോഷിപ്പ് ചർച്ച് ഇൻറർനാഷണൽ പ്രസിഡണ്ട് പാസ്റ്റർ ജോൺ തോമസ് മുഖ്യാതിഥിയായിരുന്നു. സുവിശേഷ ജീവകാരുണ്യ പ്രവർത്തനങ്ങളാൽ ശ്രദ്ധേയമായ, 16 വർഷം പിന്നിടുന്ന ഈ സഭയുടെ ശുശ്രൂഷകൻ പാസ്റ്റർ സാം തോമസ് സ്റ്റേഹസംഗമത്തിന് നേതൃത്വം വഹിച്ചു.

# കേരളത്തിൽ മഴ കുറയുകയും ചൂട് കൂടുകയും ചെയ്യുന്നതിനു പിന്നിൽ എൽ നിനോ പ്രതിഭാസം

തിരുവനന്തപുരം: സംസ്ഥാനത്ത് മൺസൂൺ മഴ കുറയുകയും ചൂട് വർധിക്കയും ചെയ്യുന്നതിനു പിന്നിൽ എൽ നിനോ പ്രതിഭാസമെന്ന് ലോക കാലാവസ്ഥാ സംഘടന വാർഷിക റിപ്പോർട്ടിൽ പരാമർശം.

2023 ലെ ലോക കാലാവസ്ഥയെ സംബന്ധിച്ച് ഇന്നലെ പുറ ത്തിറക്കിയ സ്റ്റേറ്റ് ഓഫ് ഗ്ലോബൽ ക്ലൈമറ്റ് റിപ്പോർട്ടിൽ കേരളം മാത്രമല്ല, അറബിക്കടലിനെ സംബന്ധിച്ചും ഒട്ടേറെ മുന്നറിയിപ്പുകളുണ്ട്.

ലോകമെങ്ങും സമുദ്രജലനിരപ്പ് ഒരു വർഷം ശരാശരി 4.77 മി ല്ലിമീറ്റർ വീതം ഉയരുന്നതായും പഠനത്തിലുണ്ട്. 19932002 കാലഘട്ടത്തെ അപേക്ഷിച്ച് കടൽജല നിരപ്പിലെ വർധന രണ്ടു മടങ്ങ് വർധിച്ചു. കഴിഞ്ഞ പതിറ്റാണ്ടിൽ 2.13 മില്ലീമീറ്ററായിരുന്നു ശരാശ രി സമുദ്രജല നിരപ്പിലെ ഉയർച്ച.

സെപ്റ്റംബർ മുതൽ അനുഭവപ്പെടുന്ന എൽനിനോ പ്രതിഭാസം മൂലം സമുദ്രജലതാപനില ക്രമാതീതമായി ഉയർന്നു. ഇത് അറബിക്കടലിൽ ഉൾപ്പെടെ ജല നിരപ്പ് നേരിയ തോതിൽ ഉയർ ന്നിട്ടുണ്ടെന്ന് ഇന്നലെ പുറത്തുവിട്ട പഠനത്തിൽ സംഘടന പറഞ്ഞു.

അറബിക്കടലിൽ താപനില അസാധാരണമായി ഉയരുന്ന ഇന്ത്യൻ ഓഷ്യൻ ഡൈപോൾ എന്ന പ്രതിഭാസവും ഇതിനു പി ന്നിലുണ്ട്.

ബംഗാൾ ഉൾക്കടലിൽ വീ ശിയ മോച്ച ചുഴലി അതിശക്തമായതിനു പിന്നിലും സമുദ്ര താപനിലയിലെ വർധനയാണ്. 2023 ഇതുവരെയുള്ളതിൽ വച്ചേറ്റവും ചൂടേറിയ വർഷമാണെന്നും റിപ്പോർട്ട് പറയുന്നു.

## നമുക്ക് പ്രാർത്ഥിക്കാം

ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് വേങ്ങൂർ, വെഞ്ഞാറ്മൂട് സഭാ ശുശ്രൂഷകന്മാരായ കോശി പാസ്റ്ററും സ്റ്റാൻലി പാസ്റ്ററും ഇന്നലെ രാവിലെ തിരുവല്ലായിലേക്ക് പോകും വഴി കുളനടയിൽ വെച്ച് ഒരു അപകടം ഉണ്ടായി. ദൈവജനം പ്രത്യേകം പ്രാർത്ഥിക്കണം

# ഓൺലൈൻ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കിയവർ 364 പേർ

ബംഗളൂരു : ബംഗളൂരിലെ കത്തോലിക്കാ മേജർ സെമിനാരിയായ സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആദ്യമായി സംഘടിപ്പിച്ച ഓൺലൈൻ ദൈവശാസ്ത്ര കോഴ്സിൽ ചേർന്ന 364 പേർ വിജയകരമായി പഠനം പൂർത്തിയാക്കിയെന്നു കോഓഡിനേറ്റർ ആയ ഫാ. ജയപ്രദീപ് അറിയിച്ചു. സുവിശേഷത്തെയും ദൈവശാസ്ത്രത്തെയും കുറിച്ചുള്ള ധാരണ വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നവരെ സഹായിക്കുക എന്നതായിരുന്നു കോഴ്സിന്റെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു.

ബിരുദാന ചടങ്ങിൽ ബെല്ലാരി ബിഷപ്പ് ഹെൻട്രി ഡിസൂസയും പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡണ്ട് ഫാ. ആന്റണി ലോറൻസും പങ്കെടുത്തു. 2023 - 24 അക്കാദമിക വർഷത്തിൽ നടത്തിയ കോഴ്സിൽ അല്മായരും സന്യസ്തരുമായ 516 പേരാണ് ചേർന്നിരുന്നത്. അവരിൽ നിന്നാണ് 364 പേർ കോഴ്സ് വിജയകരമായി പൂർത്തീകരിച്ചത്. ഇവരിൽ മിക്കവരും ഗ്രാമീണ പ്രദേശങ്ങളിൽ നിന്ന് വന്നവരാണെന്നും ഇവരുടെ വിജ്ഞാനം അതുകൊണ്ട് അനേകർക്ക് പ്രയോജനകരമായി ഭവിക്കുമെന്നും ഫാ. ജയാ പ്രദീപ് സൂചിപ്പിച്ചു.




SUPER BIBLE QUIZ 79



തയ്യാറാക്കിയത്:
സിസ്റ്റർ ദീപ്തി മന്മഥൻ


## ഇന്നത്തെ ചോദ്യങ്ങൾ

**വായന ഭാഗം: സദൃശ്യവാക്യം 1 - 3**

1. ആരുടെ പിന്മാറ്റമാണ് അവരെ കൊല്ലുന്നത്?
2. മനസ്സിന് ഇമ്പമായിരിക്കുന്നതെന്ത്?
3. ആരുടെ ഉയർച്ചയാണ് അപമാനം?
4. ബഹുമാനത്തെ അവകാശമാക്കുന്നതാര്?
5. പരിഹാസികളെ യഹോവ എന്തു ചെയ്യുന്നു?

### ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. ന്യായപ്രമാണത്തെ (യാക്കോ. 41)
2. ദോഷം ആകുന്നു(416)
3. സ്ഥിരമാക്കണം(58)
4. ദീർഘക്ഷമയോടെ(57)
5. കൃഷിക്കാരൻ (57)






CHRISTIAN LIVE DAILY
21 MARCH 2024
VOL 03
ISSUE 080 | 779
ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220

